(എ) സംസ്ഥാനത്തെ ഓരോ ചെക്ക് പോസ്റ്റുകൾ സ്ഥിതി ചെയ്യുന്ന സ്ഥലവും സംസ്ഥാന അതിർത്തിയും തമ്മിലുള്ള ദൂരം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ടാക്സ് വെട്ടിപ്പിന് കാരണമാകുന്നതിനാൽ ഈ ചെക്ക് പോസ്റ്റുകൾ മാറ്റി അതിർത്തി പ്രദേശത്തിനരികെത്തന്നെ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) അമരവിള ചെക്ക് പോസ്റ്റ് സംസ്ഥാന അതിർത്തിയിൽനിന്ന് 10 കിലോമീറ്ററിൽ അധികം അകലെയായതിനാൽ സംസ്ഥാനത്ത് ലഭിക്കേണ്ട ടാക്സ് പലതും നഷ്ടപ്പെടുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് തെക്കൻ അതിർത്തിയിലെ പ്രധാന ചെക്ക് പോസ്റ്റായ അമരവിള ചെക്ക് പോസ്റ്റ് അതിർത്തിയായ കളിയിക്കാവിളയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് ബൈറൂട്ടുകൾ കണക്കിലെടുത്ത് ഇപ്പോഴുള്ള അതിർത്തി ചെക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യം പരിശോധിച്ചു വരികയാണ്.

(സി) ഈ ദൂരം കണക്കിലെടുത്ത് സംസ്ഥാനത്തിന് ടാക്സ് നഷ്ടപ്പെടാതിരിക്കാൻ ഇന്റലിജൻസ് സ്കാഡിന്റെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നുണ്ട്.

(ഡി) അതിർത്തിയിൽ നിന്നുള്ള ദൂരം കണക്കിലെടുത്ത് ഇന്റലിജൻസ് സ്കാഡിന്റെ പ്രവർത്തനം ശക്തമാക്കുന്നുണ്ട്. അതുകൊണ്ട് ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ട ആവശ്യമില്ല.

സംസ്ഥാന അതിർത്തിയിലുള്ള ചെക്ക്പോസ്റ്റു വഴി കടത്തിയ കോഴികൾക്ക് സെയിൽസ്ടാക്സ് ഇനത്തിൽ കിട്ടിയ തുക

22 [4760] ശ്രീ. വി. ജെ. പൗലോസ്:
,, എൻ ശക്തൻ:
,, അടൂർ പ്രകാശ്:
,, ജോർജ് ജെ. മാത്യു:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ സംസ്ഥാനാതിർത്തികളിലുള്ള ചെക്ക്പോസ്റ്റ് വഴി കടത്തിയ കോഴികൾക്ക് സെയിൽസ്ടാക്സ് ഇനത്തിൽ എന്ത് തുക കിട്ടി;

(ബി) എത്ര ശതമാനം വച്ചാണ് ഈ വർഷം കോഴികൾക്ക് വിൽപ്പന നികുതി ചുമത്തിയത്;

(സി) കഴിഞ്ഞ വർഷം ഇതേ കാലഘട്ടത്തിൽ സംസ്ഥാനാതിർത്തികൾ വഴി കടത്തിയ കോഴികൾക്ക് വിൽപ്പന നികുതി ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(ഡി) കഴിഞ്ഞ വർഷം എന്ത് നിരക്കിലാണ് വിൽപ്പന നികുതി പിരിച്ചതെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഈ വർഷം കോഴികൾക്ക് 8% വിൽപ്പന നികുതിയാണ് ചുമത്തിയിട്ടുള്ളത്. 1-7-2003 മുതൽ നികുതിയുടെ 15% അഡീഷണൽ നികുതിയും ചുമത്തി വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കഴിഞ്ഞ വർഷം കോഴിയുടെ വിൽപ്പന നികുതി 8%ഉം അഡീഷണൽ നികുതി 15%ഉം ആയിരുന്നു.

മുക്കത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി

23 [4762]. ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കത്ത് സബ്ട്രഷറി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ സബ്ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം നിർവ്വാഹമില്ല.

(സി) ഈ നിർദ്ദേശം മുൻസർക്കാരിന്റെ കാലത്ത് അനുകൂലമായി പരിഗണിച്ചിട്ടില്ല.

അന്യ സംസ്ഥാനങ്ങളുടെ ഇലക്ട്രോണിക് ലോട്ടറികൾ

24 [4763]. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ അന്യ സംസ്ഥാനങ്ങളുടെ ഇലക്ട്രോണിക് ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) അന്യ സംസ്ഥാനങ്ങളുടെ എത്ര ഇലക്ട്രോണിക് ലോട്ടറി വിൽപ്പന കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) എത്ര ലക്ഷം രൂപയുടെ ഇലക്ട്രോണിക് ലോട്ടറികൾ അന്യ സംസ്ഥാനങ്ങളുടേതായി കേരളത്തിൽ വിറ്റഴിയുന്നുണ്ട്;

(ഡി) അന്യ സംസ്ഥാനങ്ങളിലെ ലോട്ടറികൾ കേരളത്തിൽ വിൽക്കുന്നതിന് നികുതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്;

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സംസ്ഥാന സർക്കാരിന്റെ ഭാഗ്യക്കുറി വിൽപ്പനയിൽ എത്ര രൂപയുടെ ഇടിവ് സംഭവിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly